# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2094 11.03.2020- ൽ മറുപടിക്ക്**

## സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.എൻ.എ ഖാദർ**

**ശ്രീ. ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ തുടങ്ങുന്നതിനായി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ - അവിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിയെടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസനത്തിലൂടെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹാർദാന്തരീക്ഷം ലഭ്യമാക്കുക, പൊതു ജനങ്ങൾക്ക് വേഗത്തിൽ തൊഴിൽ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൗമ പരിധിയിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങുക എന്നതാണ് സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ വഴി ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് എല്ലാ ജില്ലകളിലുമായി ഇതിനോടകം അഞ്ഞൂറിലേറെ സംഘങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പതിനൊന്നായിരത്തോളം പേർ ഇതിനകം ആ സംഘങ്ങളിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപം, പ്രവർത്തന മൂലധനം, പരിശീലനം എന്നിവയിൽ സഹായിക്കുന്നതിനായി 2020-21 വർഷത്തെ ബജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഇപ്രകാരമുള്ള സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകളുടെ പ്രവർത്തനവും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും എപ്രകാരമാണ്; ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ? | ബി) | സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ സഹകരണ സംഘങ്ങൾ ആയാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലേയും ജില്ലാവ്യവസായ കേന്ദ്രത്തിലാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത്. 1969 ലെ കേരളാ സഹകരണ സംഘം ആക്ടിലെ വ്യവസ്ഥകൾ ഇവയ്ക്ക് ബാധകമായിരിക്കും. അതായത് സംഘങ്ങളുടെ രജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക് അതാതു പ്രവർത്തന പരിധിയിലുള്ള തൊഴിലാളികൾക്ക് സംഘങ്ങളിൽ അംഗങ്ങളായി ചേരാവുന്നതാണ്. ഇതിനകം അഞ്ഞൂറിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇവയിൽ പതിനൊന്നായിരത്തോളം പേർ അംഗത്വം നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യവസായ വകുപ്പ് ഈ സംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. ഇവ പ്രവർത്തന സജ്ജമാകുന്നതോടെ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി സംഘങ്ങളേയും അംഗങ്ങളേയും പൊതു സമൂഹത്തേയും പരസ്പരം ബന്ധിപ്പിക്കുകയും സേവനം ആവശ്യമുള്ളവർക്ക് അതിവേഗത്തിൽ അവ ലഭ്യമാക്കുകയും ചെയ്യുന്നതാണ്. മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനായി ഒരു ഏജൻസിയെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ഒപ്പം കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഓരോ സംഘങ്ങളിലേയും അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി തുടരുകയാണ്. ഇതിന്റെ പുരോഗതി വ്യവസായ വകുപ്പിന്റെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം മുഖേന വിലയിരുത്തി വരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ